# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -281 | 06.01.2014-ൽ മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ ആക്രമണ കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. സത്യൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ അതിക്രമിച്ച കടന്ന് അവിടെയുണ്ടായിരുന്ന വിദ്യാർത്ഥികളെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) സംഭവം സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1093/2013 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിലാണ്. ഈ കൃത്യത്തിൽ 10 പേർ ഉൾപ്പെട്ടിട്ടുള്ളതായി അന്വേഷണത്തിൽ വ്യക്തമായി. അവരിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) ആക്രമണത്തിൽ എത്ര പേർക്ക് പരിക്ക് പറ്റിയിരുന്നു; ആക്രമണ സംഘത്തിൽപ്പെട്ടവർ എത്ര പേരായിരുന്നു; എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്; | (ബി) ആക്രമണത്തിൽ രണ്ടു പേർക്ക് പരിക്ക് പറ്റിയിരുന്നു. ആക്രമണ സംഘത്തിൽ 10 പേർ ഉണ്ടായിരുന്നു. 3 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143,147,148,149,452,324,307 ഉം ഇന്ത്യൻ ആയുധ നിയമത്തിലെ സെക്ഷൻ 27 ഉം പ്രകാരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 1093/2013 ആയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) അക്രമികൾക്ക് ഏതെങ്കിലും സംഘടനയുമായി ബന്ധമുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) അക്രമികൾക്ക് എസ്.ഡി.പി.ഐ യുമായി ബന്ധമുണ്ടെന്ന് അന്വേഷണത്തിൽ വ്യക്തമായി. |

സെക്ഷൻ ഓഫീസർ